മാധ്യമം

6 October 2017



സി.എം.എഫ്.ആർ.ഐയിൽ ഇന്തോ-ജർമൻ പരിശീലന ശിൽപശാലയിൽ ജി.ഐ.ഇസെഡ് പ്രോഗ്രാം ഡയറക്ടർ ഡോ. മൈക്കിൾ വാകിലി സംസാരിക്കുന്നു

# സുസ്ഥിര മത്സ്യബന്ധന നിർണയം: ഇന്തോ–ജർമൻ പരിശീലന ശിൽപശാല തുടങ്ങി

**കൊച്ചി:** ഇന്ത്യൻ സമുദ്രാർതിർത്തിയിൽനിന്ന് സുസ്ഥിരത നിലനിർത്തി ഓരോ മത്സ്യയിനവും പിടിക്കാവുന്ന അളവ് ശാസ്ത്രീയമായി നിർണയിക്കുന്നതിന് ഇന്തോ-ജർമൻ പദ്ധതിയുടെ ഭാഗമായ ദ്വിദിന പരിശീലന ശിൽപശാല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ആരംഭിച്ചു. ജർമൻ സർക്കാർ ഏജൻസിയായ ജി.ഐ.ഇസെഡും സി.എം.എഫ്.ആർ.ഐയും സംയുക്തമായാണ് ശിൽപശാല നടത്തുന്നത്. ഇന്ത്യൻ തീരങ്ങളിൽനിന്ന് പരമാവധി പിടിക്കാവുന്ന മീനുകളുടെ അളവ് ഓരോ വർഷവും സി.എം.എഫ്.ആർ.ഐ തിട്ടപ്പെടുത്താറുണ്ട്. ഏകദേശം 700ൽ പരം മത്സ്യയിനങ്ങൾ ഓരോ വർഷവും ഇന്ത്യൻ തീരങ്ങളിൽനിന്ന് പിടിക്കുന്നു. ഇതിൽ ചിലയിനങ്ങളെ കുറിച്ച് എല്ലാ വിവരങ്ങളും ലഭിക്കാറില്ല.

ഇത്തരം ഇനങ്ങൾ സുസ്ഥിരമായ രീതിയിൽ പിടിക്കേണ്ട അളവ് നിർണയിക്കുന്നതിന് രാജ്യാന്തര തലത്തിൽ പുതുതായി രൂപപ്പെടുത്തിയിട്ടുള്ള ശാസ്ത്രീയ രീതികൾ പരിചയപ്പെടുത്തുന്നതിനാണ് പരിശീലന പരിപാടി. അന്താരാഷ്ട്ര തലത്തിൽ ഈ രീതികൾ രൂപപ്പെടുത്തിയ വിദഗ്ധരാണ് പരിശീലന പരിപാടിയിൽ ക്ലാസുകൾ നയിക്കുന്നത്. സി.എം.എഫ്.ആർ.ഐ ഫിഷറി റിസോഴ്സ് അസസ്മെൻറ് ഡിവിഷൻ മേധാവി ഡോ. ടി.വി. സത്യാനന്ദൻെറ നേതൃത്വത്തിലാണ് ശിൽപശാല. വെള്ളിയാഴ്ച സമാപിക്കും.